# കൂട്ടുകെട്ടിലെ മര്യാദകൾ

آداب الصداقة

[ باللغة مليالم ]

മുഹമ്മദ് ശമീർ മദീനി

محمد شمير مديني

എഡിററർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة:: سفيان عبد السلام

اعداد : جمعية مشكاة الحق

كيرلا ، هند

www.nicheoftruth.org

بسم الله الرحمن الرحيم

പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കേണ്ടവരാണ് മനുഷ്യർ. എത്ര വലിയവനും ആരുടേയും സഹായമാവശ്യമില്ലാതെ ഒറ്റയാനായി കഴിയുക സാധ്യമല്ല. അടിസ്ഥാനാവശ്യങ്ങളായ ആഹാരത്തിന്റേയും വസ്ത്രത്തിന്റേയും പാർപ്പിടത്തിന്റേയും കാര്യമെടുക്കുക. നാം കാണു കയോ അറിയുകയോ പോലും ചെയ്യാത്ത നൂറുകണക്കിനാളുകളുടെ അധ്വാനവും സഹകരണവും അതിന്റെ പിന്നിലുണ്ടെന്ന യാഥാർഥ്യം ആർക്കാണ് നിഷേധിക്കാനാവുക? മനുഷ്യൻമാരിൽ നിന്ന് അകന്ന് ഏകാന്തവാസം നയിക്കുന്നതിനെ ഇസ്‌ലാം പ്രോൽസാഹിപ്പിക്കുന്നില്ല. നബിﷺപറഞ്ഞു: ''ജനങ്ങളുമായി ഇടപഴകുകയും അവരുടെ ശല്യങ്ങൾ സഹിക്കുകയും ചെയ്യുന്ന വിശ്വാസിക്കാണ് അങ്ങനെയല്ലാത്തവരേക്കാൾ മഹത്തായ പ്രതിഫലമുള്ളത്.'' (ഇബ്നുമാജ) ഇണക്കവും സഹകരണവുമാണ് യഥാർഥ വിശ്വാസിയുടെ സ്വഭാവമെന്നും നബിﷺഉണർത്തി. നബിﷺപറഞ്ഞു: ''സത്യവിശ്വാസി ഇണങ്ങുന്നവനാണ്. ഇണങ്ങുകയോ ഇണക്കപ്പെടുകയോ ചെയ്യാത്തവനിൽ നന്മയില്ല.'' (അഹ്മദ്)

ചങ്ങാതിയെ തേടുമ്പോൾ കൂട്ടുകൂടാൻ പ്രേരിപ്പിച്ച ഇസ്‌ലാം പിന്നീട് തദ്‌വിഷയകമായി മൗനം ദീക്ഷിച്ചിരിക്കുകയല്ല. മറിച്ച് അതുമായി ബന്ധപ്പെട്ട പല മാർഗനിർദേശങ്ങളും നൽകിയിട്ടുണ്ട്. കൂട്ടുകെട്ടുകൾക്ക് സ്വഭാവങ്ങളിലും സംസ്കാരങ്ങളിലും ശക്തമായ സ്വാധീനങ്ങളുണ്ടാക്കുവാൻ സാധിക്കും. ചിലപ്പോൾ ചില കൂട്ടുകെട്ടുകൾ കൊണ്ട് സ്വന്തം വ്യക്തിത്വം തന്നെ നശിച്ചേക്കും. മറ്റുചിലപ്പോൾ ഉത്തമമായ സ്വഭാവവും സംസ്കാരവും സ്വീകരിച്ച് അർഥവത്തായ ഒരു ജീവിതം നയിക്കാൻ സഹായകമായതും കൂട്ടുകെട്ടുകൊണ്ടായിരിക്കാം. അഥവാ കൂട്ടുകെട്ടിലൂടെ നന്നാവാനും ചീത്തയാകാനും സാധ്യതയുണ്ടെന്ന് സാരം.

പുകവലി, മദ്യപാനം പോലുള്ള ദുഃശ്ശീലങ്ങൾ പലതും കൂട്ടുകെട്ടിലൂടേയാണ് വ്യാപിക്കുന്നത്. ആദ്യമൊന്നും അത്തരം ദുഃശ്ശീലങ്ങളില്ലാതിരുന്നവർ പിന്നീട് കൂട്ടുകാരിൽ നിന്ന് അവ പകർന്നെടുത്ത് അതിന്റെ അടിമയായി മാറുന്ന സ്ഥിതി വിരളമല്ല. അതുകൊണ്ടു തന്നെ മറ്റുള്ളവരുമായി കൂട്ടുകൂടന്നതിനുമുമ്പ് തന്റെ സുഹൃദ്‌വലയത്തിന്റെ കണ്ണികളാക്കാനാഗ്രഹിക്കുന്ന ചങ്ങാതിമാരെകുറിച്ച് ഉൾക്കാഴ്ചയോടെയുള്ള തെരെഞ്ഞെടുപ്പ് ആവശ്യമാണ്. നബിﷺപറഞ്ഞു. ''ഒരാൾ തന്റെ സ്നേഹിതന്റെ മതത്തിലായിരിക്കും. അതിനാൽ നിങ്ങളിലോരോരുത്തരും താൻ കൂട്ടുകൂടുന്നവരെ കുറിച്ച് ചിന്തിച്ചു നോക്കട്ടെ'' (അബൂദാവൂദ്, തിർമിദി)

നന്മയിൽ കൂട്ടുകൂടി നന്മയുടെ വക്താക്കളായ സ്നേഹിതന്മാരേയും തിന്മയുടെ മിത്രങ്ങളായ ദുർമാർഗികളെയും ചരിത്രത്തിൽ കാണാം. നബിലയും അവിടുത്തെ സ്വഹാബത്തും നന്മയുടെ സൗഹൃദത്തിന്റെ

മഹനീയ ഉദാഹരണങ്ങളാണ്. ദേശ–ഭാഷ–വർണ വ്യത്യാസങ്ങൾ ക്കതീതമായി നന്മയിൽ അവർ ഏകോദര സഹോദരങ്ങളായി. നീഗ്രോ അടിമയായിരുന്ന കറുത്ത ബിലാലും ഖുറൈശിയായിരുന്ന വെളുത്ത അബൂബക്കറും പണക്കാരനായ ഉഥ്മാനും പണിക്കാരനായ ഖുബൈബും അറബിയായ ഉമറും പേർഷ്യക്കാരനായ സൽമാനുമൊക്കെ അവരിലു ണ്ടായിരുന്നു. മറ്റെല്ലാ അതിർവരമ്പുകളും ഭേദിച്ച് ഉച്ഛനീചത്വങ്ങൾ ക്കതീതമായി ഏകോദരസഹോദരങ്ങളായി ഒരു ആദർശത്തിന്റെ കീഴിൽ അവരെല്ലാം അണിനിരന്നു. ചരിത്രത്തിൽ തുല്യതയില്ലാത്ത സൗഹൃദമാണ് സ്വഹാബത്തിനിടയിൽ നമുക്ക് കാണാൻ സാധിക്കുന്നത്. ഉഖ്ബത്തുബ്നു അബീ മുഈതും ഉമയ്യത്തുബ്നു ഖലഫും അബൂജ ഹലും ഉത്ത്ബത്തും ശൈബത്തുമൊക്കെ ആ നന്മക്കെതിരിൽ കൂട്ടുകെട്ടു ണ്ടാക്കിയ തിന്മയുടെ വക്താക്കളായിരുന്നു.

ഉഖ്ബത്ത്ബ്നു അബീ മുഈതും ഉമയ്യത്ത്ബ്നു ഖലഫും ഉറ്റ ചങ്ങാതിമാരായിരുന്നു. ഉഖ്ബത്ത് നബിﷺയുമായി സംസാരിക്കുകയും സ്നേഹബന്ധം പുലർത്തിപ്പോരുകയും ചെയ്തു. അങ്ങനെ ഉഖ്ബ മതം മാറി മുഹമ്മദിന്റെ മതം സ്വീകരിച്ചെന്ന് ഖുറൈശികൾ പറയാൻ തുടങ്ങി. ഈ വാർത്തയറിഞ്ഞ ഉമയ്യത്ത് ഉഖ്ബയോടു പറഞ്ഞു ''നീ ഇനി മുഹമ്മ ദിനെ കാണുമ്പോൾ അവന്റെ മുഖത്ത് കാർക്കിച്ച് തുപ്പുകയും പിരടിക്ക് ചവിട്ടുകയും ആക്ഷേപിക്കുകയും ചെയ്യുന്നതു വരെ ഞാനും നീയും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരിക്കുകയില്ല.''

ഉമയ്യത്തുമായുള്ള ചങ്ങാത്തം നഷ്ടപ്പെട്ടു പോകരുതെന്ന് കരുതി ഉഖ്ബ ആ പറഞ്ഞതൊക്കെ ചെയ്തുവത്രെ! അവരെ പരാമർശിച്ചുകൊ ണ്ടാണ് വിശുദ്ധ ഖുർആനിലെ ഈ വചനം അവതരിപ്പിച്ചതെന്നാണ് ഖുർ ആൻ വ്യാഖ്യാന പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ''സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവ രൊഴികെ.'' (43:67) (ഖുർത്വുബി 16/109). ഇതിന് സമാനമായ സംഭവം തന്നെ ഖുർആനിലെ 25:27–29 ന്റെ വിവരണത്തിലും പണ്ഡിതന്മാർ ഉദ്ധ രിക്കുന്നത് കാണാം (ഇബ്നു കഥീർ). നീതിയും നന്മയും ഒന്നും പരിഗ ണിക്കാതെയുള്ള കൂട്ടുകാർക്കിടയിലുള്ള അന്ധമായ വിധേയത്വവും പിന്തുണയും ഈ ഭൗതിക ലോകത്ത് തന്നെ നിരവധി പ്രത്യാഘാത ങ്ങൾക്കും ഖേദത്തിനും ഇടവരുത്തുമെന്നത് ഒരു വസ്തുതയാണ്. പര ലോകജീവിതത്തിലും അത്തരം കൂട്ടുകെട്ടുകൾ കൊടും ഖേദത്തിനും നഷ്ടത്തിനും ഇടവരുത്തുമെന്ന കാര്യം ഖുർആൻ ഉണർത്തുന്നുണ്ട്. അല്ലാഹു പറയുന്നു.

''അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ, എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽ നിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്ന വനാകുന്നു.'' (25:27–29)

ആരുമായിട്ടാകണം? വർഗ–വർണ വ്യത്യാസങ്ങളോ സാമ്പത്തിക മേന്മയോ തറവാടിത്തത്തിന്റെ മഹത്വമോ ഒന്നുമല്ല സൗഹൃദത്തിന് പരിഗ

ണിക്കപ്പെടേണ്ടത്. മറിച്ച് ധാർമികബോധവും നല്ല സംസ്കാരവുമുള്ള നന്മയിലേക്ക് നമുക്ക് പ്രചോദനം നൽകുന്ന സുഹൃദ് വലയത്തിനാണ് ഒരോരുത്തരും ശ്രമിക്കേണ്ടത്. നാടിനും നാട്ടുകാർക്കും നന്മ പ്രദാനം ചെയ്യാൻ പറ്റുന്ന നന്മയുടെ വക്താക്കളുടെ കൂട്ടായ്മയായി അത്തരം സുഹൃദ് ബന്ധങ്ങൾ വളരണം.

ജീവിതപങ്കാളിയായി ഇണയെ തെരഞ്ഞെടുക്കുമ്പോഴും ഈ കാര്യത്തിനായിരിക്കണം മുഖ്യപരിഗണന നൽകേണ്ടത് എന്നാണ് നബിﷺ ഉപദേശിച്ചത്. അല്ലാഹു പറയുന്നു. ''ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.'' (49:13)

ചീത്തകൂട്ടുകെട്ടുകൾ ഒഴിവാക്കുവാനും നല്ലവരുമായി കൂട്ടുകൂടാനും പ്രേരിപ്പിക്കുന്ന നിരവധി നബിവചനങ്ങളും കാണാം. നബിﷺ ഈ രണ്ടുതരത്തിലുള്ള കൂട്ടുകെട്ടിലൂടെ ഉണ്ടായേക്കാവുന്ന നേട്ട–കോട്ടങ്ങളെ വ്യക്തമാക്കിക്കൊണ്ട് ഒരു ഉപമയിലൂടെ കാര്യങ്ങൾ വിവരിക്കുന്നത് കാണുക. നബിﷺ പറയുന്നു. ''നല്ല കൂട്ടുകാരന്റേയും ചീത്തകൂട്ടുകാരന്റേയും ഉപമ കസ്തൂരി വാഹകന്റേയും ഉലയിൽ ഊതുന്നവന്റേയും പോലെയാണ്. കസ്തൂരി വാഹകൻ ഒന്നുകിൽ അതിൽ നിന്നും നിനക്ക് നൽകിയേക്കും അല്ലെങ്കിൽ നിനക്ക് അവനിൽ നിന്ന് വിലകൊടുത്തു വാങ്ങാം. അതുമല്ലെങ്കിൽ അതിന്റെ പരിമളം അതിൽ നിന്നും നിനക്ക് ആസ്വദിക്കാം. എന്നാൽ ഉലയിൽ ഊതുന്നവനാകട്ടെ; ഒന്നുകിൽ നിന്റെ വസ്ത്രം (ആ തീപ്പൊരികൾ കൊണ്ട്) കരിച്ചുകളയും. അല്ലെങ്കിൽ (അഴുക്കിന്റേയും വിയർപ്പിന്റേയും) ദുർഗന്ധമായിരിക്കും അവനിൽ നിന്ന് നിനക്ക് ലഭിക്കുക.'' (ബുഖാരി, മുസ്‌ലിം)

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണം സൃഷ്ടികളോടുള്ള അടുപ്പവും അകൽച്ചയുമൊക്കെ നിലകൊള്ളേണ്ടത്. സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് ഒരു സൃഷ്ടിയേയും അനുസരിക്കുകയോ പ്രീതിപ്പെടുത്തുകയോ ചെയ്തുകൂടാ എന്നാണ് ഇസ്‌ലാമിക അധ്യാപനം. അല്ലാഹുവിന്റെ പേരിലുള്ള ബന്ധങ്ങൾക്കും സ്നേഹാദരവുകൾക്കും പാരത്രികജീവിതത്തിൽ പ്രത്യേക പരിഗണനയും പ്രതിഫലവുമുണ്ടെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. നബിﷺപറയുന്നു. ''ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു പറയും: എന്റെ പേരിൽ പരസ്പരം സ്നേഹബന്ധം പുലർത്തിയിരുന്നവരെവിടെ? ഞാൻ നൽകുന്ന പ്രത്യേക തണലല്ലാതെ മറ്റ് തണലൊന്നുമില്ലാത്ത ഇന്ന് ഞാനവർക്ക് തണൽ നൽകി സംരക്ഷിക്കുന്നതാണ്.'' (മുസ്‌ലിം)

സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധം കൂടുതൽ ഭദ്രമാക്കുവാനും അവ തകർന്നുപോകാതെ സൂക്ഷിക്കുവാനും നബില ചില നിർദേശങ്ങളും ഉപദേശങ്ങളും പ്രത്യേകം നൽകിയിട്ടുണ്ട്.

പരസ്പരം കണ്ടുമുട്ടുമ്പോൾ ദൈവരക്ഷക്കും സമാധാനത്തിനും വേണ്ടിയുള്ള പ്രാർഥനകൾ അടങ്ങുന്ന അഭിവാദനരീതിയും (സലാം പറയൽ) തുമ്മിയ ശേഷം അല്ലാഹുവിനെ സ്തുതിക്കുന്നതു കേൾക്കുമ്പോൾ അയാൾക്കുവേണ്ടി ദൈവികാനുഗ്രഹത്തിനു വേണ്ടി പ്രാർഥിക്കലും തിരിച്ച് ഇങ്ങോട്ടും നന്മക്കായുള്ള പരസ്പര പ്രാർഥനകളും രോഗിയായാൽ സന്ദർശിക്കലും വേണ്ട സഹായങ്ങൾ എത്തിക്കലും ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കലും ഗുണകാംക്ഷയോടെ വർത്തിക്കലുമെല്ലാം വിശ്വാസികൾ പരസ്പരം പാലിക്കേണ്ട ബാധ്യതകളായിട്ടാണ് നബിﷺ പഠിപ്പിച്ചത്. സാഹോദര്യത്തിന് കോട്ടം തട്ടുന്ന ചെറിയ സംഗതികൾ പോലും നബിﷺ ഗൗരവത്തോടെ ഉണർത്തുകയും പരസ്പരം കെട്ടുറപ്പുള്ള ഒരു സൗഹൃദാന്തരീക്ഷത്തിന് വേണ്ട എല്ലാ ഉപദേശനിർദേശങ്ങളും അവിടുന്ന് നൽകുകയും ചെയ്തിട്ടുണ്ട്. നിത്യേനയുള്ള അഞ്ചുനേരത്തെ നിർബന്ധമായ നമസ്കാരങ്ങൾക്ക് പരമാവധി പള്ളികളിൽ ഒരുമിച്ചുകൂടാനും തോളോടുതോൾ ചേർന്ന് പരസ്പരം അടുത്തുനിന്ന് അണിയണിയായി നമസ്കരിക്കാനുമൊക്കെ നിരന്തരം നബി ﷺ ഉണർത്തുമായിരുന്നു.

പകയും ശത്രുതയും വളർത്താനിടയാക്കുന്ന ഏതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടാതിരിക്കാനും അവിടുന്ന് ഉണർത്തുമായിരുന്നു. നബിﷺ പറഞ്ഞു. ''നിങ്ങളിലൊരാളും തന്റെ സഹോദരൻ വിവാഹാലോചന നടത്തിയതിനുമേൽ വിവാഹാലോചന നടത്തരുത്. ഒരാൾ നടത്തിയ കച്ചവടത്തിനു മേലെ കച്ചവടം നടത്തുകയും ചെയ്യരുത്.'' (ബുഖാരി, മുസ്‌ലിം). ഊഹാപോഹങ്ങൾ വെടിയുവാനും ശത്രുതയും അസൂയയും ചതിയുമെല്ലാം ഉപേക്ഷിക്കുവാനും രക്തവും ധനവും അഭിമാനവുമൊക്കെ പരസ്പരം സംരക്ഷിക്കുവാനും അവയുടെ പവിത്രതകൾ കാത്തുസൂക്ഷിക്കുവാനും നബിﷺ ഉണർത്താറുണ്ടായിരുന്നു. സ്വന്തത്തിനു നന്മ ആഗ്രഹിക്കുന്നതുപോലെ സ്വന്തം സഹോദരങ്ങൾക്കും നന്മയാഗ്രഹിക്കുന്നതുവരേക്കും യഥാർഥ വിശ്വാസികളാവാൻ സാധിക്കുകയില്ലെന്നാണ് നബിﷺ പഠിപ്പിച്ചത്.

ബന്ധങ്ങൾ ശിഥിലമാകുന്ന വിധത്തിൽ പരസ്പരം കുത്തുവാക്കുകളുപയോഗിക്കുകയും പരിഹസിക്കലുമെല്ലാം വലിയ പാപമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അല്ലാഹു പറയുന്നു. ''സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ. സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്.

നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുക യും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.'' (49:11,12)

അപ്രകാരം തന്നെ പരസ്പരമുള്ള ബാധ്യതകളെ കുറിച്ചും നബിﷺ പലപ്പോഴായി ഉണർത്തിയിട്ടുണ്ട്. സഹായങ്ങളാവശ്യമാകുന്ന സന്ദർഭങ്ങ ളിൽ സഹായിക്കുക. ഭൗതികമായ സഹായങ്ങൾ മാത്രമല്ല അതുകൊണ്ട് അർഥമാക്കപ്പെടുന്നത്. തന്റെ സുഹൃത്തിൽ കാണുന്ന ന്യൂനതകൾ മാന്യ മായ രീതിയിൽ ഉണർത്തി അവ തിരുത്താനാവശ്യപ്പെടുന്നതും അക്രമങ്ങ ളിൽ നിന്ന് അയാളെ പിന്തിരിപ്പിക്കുന്നതും അയാൾക്കുചെയ്യുന്ന സഹായം തന്നെയാണ്. നബിﷺ പറഞ്ഞു: ''നിന്റെ സഹോദരൻ മർദകനാ യാലും മർദിതനായിരുന്നാലും നീ അവനെ സഹായിക്കുക.'' അപ്പോൾ ഒരു സ്വഹാബി ചോദിച്ചു ''പ്രവാചകരേ, മർദിതനാണെങ്കിൽ അവനെ സഹായിക്കണമെന്നത് മനസ്സിലായി. എന്നാൽ അക്രമിയായിരിക്കെ ഞാൻ എങ്ങനെയാണ് അവനെ സഹായിക്കേണ്ടത്?'' നബിﷺ പറഞ്ഞു: ''നീ അവനെ ആ അക്രമത്തിൽ നിന്നും പിന്തിരിപ്പിക്കലാണ് അവനുള്ള സഹാ യം.'' (ബുഖാരി)

നീതിയും ന്യായവുമൊന്നും നോക്കാതെ സ്വന്തം സുഹൃത്തുക്ക ളേയും ബന്ധുക്കളേയുമൊക്കെ അക്രമത്തിലും അനീതിയിലും അന്ധ മായി പിന്തുണക്കുന്ന രീതി നീചവും വിഭാഗീയത വളർത്തുന്നതുമാണ്. യഥാർഥ വിശ്വാസികൾക്ക് അത്തരം അനീതികളിൽ പങ്കാളികളാവാൻ സാധിക്കുകയില്ല. അല്ലാഹു പറയുന്നു. ''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്ന വരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കു ന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു.''(4:135)

സുഹൃത്തുക്കളിലെ നന്മകൾ കണ്ടറിയുവാനും അവക്കു പ്രോത്സാ ഹനവും പ്രചോദനവുമേകാനും സാധിക്കേണ്ടതുപോലെതന്നെ ഏറ്റക്കു റച്ചിലുകളില്ലാതെ അവരുടെ തെറ്റുകൾ ചൂണ്ടികാണിച്ച് തിരുത്താനും സാധിക്കുമ്പോൾ മാത്രമാണ് സുഹൃദ്ബന്ധത്തിലെ കടമകൾ നിറവേ റ്റുന്ന ശരിയായ സുഹൃത്തുക്കളായി മാറാൻ സാധിക്കുക. സുഹൃത്തു ക്കൾ പരസ്പരം കണ്ണാടികളാകണമെന്ന തത്ത്വോപദേശത്തിലെ പൊരുളും അപ്പോഴാണ് അന്വർഥമാകുന്നത്. സഹായവും പിന്തുണയുമാ വശ്യമായി വരുന്ന സന്ദർഭത്തിൽ സുഹൃത്തിനെ കയ്യൊഴിക്കുകയെന്നത്

യഥാർഥ വിശ്വാസികൾക്ക് ചേർന്നതല്ല. അത്തരം സന്ദർഭങ്ങളിൽ ലാഭ–നഷ്ടങ്ങളെ കുറിച്ച് കൂട്ടിക്കിഴിക്കലുകൾ നടത്താതെ നിസ്വാർഥ സഹകരണവുമായി മുന്നിട്ടുവരുന്നവനാണ് യഥാർഥ സുഹൃത്ത്. നബിﷺ പറയുന്നു. ''വിശ്വാസി വിശ്വാസിയുടെ സഹോദരനാണ്. അവൻ അവനെ ഉപദ്രവിക്കുകയോ കീഴ്പ്പെടുത്തുകയോ ഇല്ല. ആർ തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിർവഹിക്കുവാൻ സന്നദ്ധനാകുന്നുവോ അല്ലാഹു അയാളുടെ ആവശ്യങ്ങളും നിർവഹിച്ചുകൊടുക്കും.'' (ബുഖാരി, മുസ്‌ലിം)

സഹോദരങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ അന്വേഷിക്കലും അവരെ സന്ദർശിക്കലുമൊക്കെ സ്നേഹബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും പ്രതിഫലങ്ങൾ നേടിയെടുക്കുവാനും സഹായകമാണ്. നബിﷺ പറയുന്നു. ''ഒരാൾ തന്റെ മറ്റൊരു നാട്ടുകാരനായ സഹോദരനെ സന്ദർശിക്കാനായി പുറപ്പെട്ടാൽ അല്ലാഹു ഒരു മലക്കിനെ അയാളുടെ വഴിയിൽ നിർത്തും. എന്നിട്ട് ആ മലക്ക് വിളിച്ചു പറയും: '' നിശ്ചയം, നീ ഇയാളെ സ്നേഹിക്കുന്നതുപോലെ അല്ലാഹു നിന്നെയും സ്നേഹിക്കുന്നുണ്ട്.'' (മുസ്‌ലിം)
എത്ര തന്നെ സ്നേഹത്തിലും സൗഹൃദത്തിലും കഴിഞ്ഞിരുന്നവരാണെങ്കിലും ചില സന്ദർഭങ്ങളിൽ സുഹൃത്തുക്കളുടെ സംസാരവും പെരുമാറ്റങ്ങളും നമ്മെ വേദനിപ്പിക്കുന്ന വിധത്തിലായേക്കാം. അത്തരം സന്ദർഭങ്ങളിൽ സമചിത്തതയോടെ സഹിക്കാനും പൊറുക്കാനും സാധിക്കുമ്പോഴാണ് ഒരാൾ കൂടുതൽ ഉൽകൃഷ്ടനാവുന്നത്. ഊഹാപോഹങ്ങൾക്ക് ചിറക് വെപ്പിക്കാതെ വിട്ടുവീഴ്ചയുടെയും നന്മയുടെയും വഴികൾ തേടിയാൽ ഏത് ശത്രുവിനെയും ഉറ്റമിത്രമാക്കി മാറ്റുവാൻ കഴിയുമെന്നാണ് ഖുർആൻ അറിയിക്കുന്നത്. പക്ഷെ, അതിന് എല്ലാവർക്കും കഴിഞ്ഞുകൊള്ളണമെന്നില്ല. മാസ്മരിക ശക്തി വെളിപ്പെടുത്തിയ ഇത്തരം നിരവധി സംഭവങ്ങൾ നബിﷺയുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്.

അല്ലാഹു പറയുന്നു: ''നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവ ന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല.'' (41:34–35). ഇനി വല്ല കാരണത്താലും വഴക്കിടുകയോ പിണങ്ങുകയോ ചെയ്താൽ തന്നെ മൂന്ന് ദിവസത്തിലധികം അത് ദീർഘിച്ചുപോകരുതെന്ന് നബില പ്രത്യേകം ഉണർത്തി. പിണക്കമവസാനിപ്പിക്കാൻ ഉള്ളുതുറന്ന സംസാരവും ചർച്ചയുമാണ് വേണ്ടത്. അതിനുള്ള സാഹചര്യമൊരുക്കുകയും അനുരഞ്ജന ശ്രമങ്ങൾ നടത്തലും മൂന്നാം കക്ഷിയുടെ ബാധ്യത കൂടിയായിട്ടാണ് അല്ലാഹു ഉണർത്തിയത്.
''സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ടു രണ്ടിൽ ഒരു വിഭാഗം മറുവിഭാഗത്തിനെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങിവരുന്നതു വരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരികയാണെങ്കിൽ നീതിപൂർവ്വം ആ രണ്ടു

വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നിങ്ങൾ നീതി പാലിക്കുക യും ചെയ്യുക. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അ ല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.'' (49:9,10)

എന്നാൽ അത്തരം അനുരഞ്ജന ശ്രമങ്ങളോട് സഹകരിക്കാതിരി ക്കലും എതിർ വിഭാഗത്തെ ഉപദ്രവിച്ചുകൊണ്ടിരിക്കലും അവർക്ക് നൽകി കൊണ്ടിരുന്ന സഹായങ്ങൾ നിർത്തിവെക്കലുമൊക്കെ നന്മകൾ നഷ്ടപ്പെ ടുത്തലും റബ്ബിന്റെ അനുഗ്രഹം തടയുകയും ചെയ്യുന്ന പ്രവർത്തനങ്ങളാ ണ്. അല്ലാഹു പറയുന്നു: ''എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ'' (107:4–7) അത്തരക്കാരുടെ സൽകർമ്മങ്ങൾ അ ല്ലാഹു സ്വീകരിക്കാതെ മാറ്റിവെക്കുമെന്നും അവർ പിണക്കം മാറ്റിവരട്ടെ എന്ന് അവൻ മലക്കുകളോട് പറയുമെന്നും ഹദീഥുകളിൽ കാണാം.

അല്ലാഹുവിന്റെ കാരുണ്യവും വിട്ടുവീഴ്ചയും ആഗ്രഹിക്കുന്നവർ തന്റെ സഹജീവികളോടും കാരുണ്യത്തോടും വിട്ടുവീഴ്ചയോടും വർത്തിക്കണമെന്നാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. അബൂബക്കറിﷺന്റെ ചെലവിൽ കഴിയുന്ന ആളായിരുന്നു മിസ്ത്വഹ്ല. കപടവിശ്വാസികളുടെ കുപ്രചരണങ്ങളുടെ നിചസ്ഥിതിയറിയാതെ മിസ്ത്വഹ്ല അബൂബ ക്കർﷺന്റെ മകളും പ്രവാചക പത്നിയുമായ ആഇശയെ കുറി ച്ചുള്ള അപവാദപ്രചരണത്തിൽ പങ്കാളിയായിപ്പോയി. ഇതറിഞ്ഞ അബൂ ബക്കർ ﷺ മിസ്ത്വഹിനുള്ള സഹായം നിർത്തിവെക്കുകയാണെന്ന് അറി യിച്ചു. ഈ സന്ദർഭത്തിലാണ് അല്ലാഹു ഇപ്രകാരം ആയത്തിറക്കിയത്.

''നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബ ബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ട പ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.'' (24:22) അങ്ങനെ അബൂബക്കർﷺ മിസ്ത്വഹിﷺന് നൽകി വന്നിരുന്ന സഹായങ്ങൾ പൂർവോപരി നല്ല നിലയിൽ പുനരാരംഭിച്ചു. അങ്ങനെ അല്ലാഹുവിന്റെ നിർദേശങ്ങൾക്കനുസരിച്ച് മനസ്സും ശരീരവും പാകപ്പെടു ത്താൻ സാധിച്ച അബൂബക്കർﷺന്റെ മാതൃകയാണ് നാം പിൻപറ്റേണ്ടത്. സർവശക്തനായ അല്ലാഹു അതിന് നമ്മെ അനുഗ്രഹിക്കട്ടെ! (ആമീൻ)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين